"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കില-2024-25 സമ്പത്തിക വർഷത്തിൽ സർക്കാർ പിൻവലിച്ച 1,84,23,967/-രൂപ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) -ക്ക് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.1142/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.938/2024/LSGD തീയതി 30/05/2024
2. സ.ഉ (സാധാ) നം.1033/2024/LSGD തീയതി 12/06/2024.
3. സ.ഉ (സാധാ) നം.1244/2024/LSGD തീയതി 08/07/2024
4. സ.ഉ (സാധാ) നം.1447/2024/LSGD തീയതി 0508/2024
5. സ.ഉ (സാധാ) നം.2198/2024/LSGD തീയതി 14/11/2024.
6. ഡയറക്ടർ ജനറൽ, കില -യുടെ 01/04/2025 തീയതിയിലെ 2023/5860/HQ നമ്പർ കത്ത്.
7. 03/04/2025 തീയതിയിലെ 29/2025/FIN നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി 28 കോടി രൂപ കിലയ്ക്ക് വകയിരുത്തിയിരുന്നു. ആയതിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 14.35 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, സൂചന 2, 3, 4, 5 പ്രകാരം ആകെ 15.44 കോടി രൂപ കിലയുടെ ട്രെഷറി അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിരുന്നു. ടി തുകയിൽ 1.84 കോടി രൂപ മാർച്ച് 30 ന് തൃശ്ശൂർ ജില്ലാ ട്രെഷറിയിലെ കില ഡയറക്ടർ ജനറലിന്റെ അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിക്കുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തിലെ വിവിധ ചെലവിനത്തിൽ 1.45 കോടി രൂപയുടെ ചെലവുകൾക്ക് നൽകുന്നതിനു വേണ്ടി WAMS വഴി അഭ്യർത്ഥിച്ചിരുന്നുവെന്നും, ടി തുക ട്രെഷറിയിൽ നിന്നും അതാതു അക്കൗണ്ടുകളിലേക്ക് ഇതുവരെ ക്രെഡിറ്റ് ആയിട്ടില്ലയെന്നും ഈ സാഹചര്യത്തിൽ സർക്കാർ പിൻവലിച്ച 1,84,23,967/- (ഒരു കോടി എൺപത്തിനാല് ലക്ഷത്തി ഇരുപത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ) കിലക്ക് തിരിച്ച് ലഭ്യമാക്കണമെന്ന് കില ഡയറക്ടർ സൂചന (6) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ പിൻവലിച്ച 1,84,23,967/- (ഒരു കോടി എൺപത്തിനാല് ലക്ഷത്തി ഇരുപത്തിമൂവായിരത്തി തൊള്ളായിരത്തി

അറുപത്തിയേഴ് രൂപ) നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതിവിഹിതത്തിൽ നിന്നും കിലക്ക് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ , കില, തൃശ്ശൂർ.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
അക്കൌണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ട്ന്റ് ജനറൽ (ഇ&ആർ.എസ്.എ/ജിക്&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.
ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 09-05-2025 10:56:27